2025
DECEMBER
18
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഏപ്രിൽ മുതൽ വൈദ്യുതി നിരക്ക് കൂട്ടും

## 571 കോടി ലാഭമുണ്ടായിട്ടും ഇരട്ടി നഷ്ടമെന്ന് കെഎസ്ഇബി

**തിരുവനന്തപുരം:** 571 കോടി രൂപയുടെ വരുമാന ലാഭം ഉണ്ടായിട്ടും അതിന്റെ ഇരട്ടിയിലധികം രൂപയുടെ നഷ്ടം രേഖപ്പെടുത്തി കെ.എസ്.ഇ.ബിയുടെ അപേക്ഷ റഗുലേറ്ററി കമ്മിഷന്. കമ്മിഷൻ ഇത് അംഗീകരിച്ചാൽ 2026 ഏപ്രിൽ മുതൽ വൈദ്യുതി നിരക്ക് വലിയതോതിൽ വർധിക്കും. മുൻകാലങ്ങളിൽ വൈദ്യുതി നിരക്കിലൂടെ തിരിച്ചു പിടിക്കാൻ കഴിയാത്ത നഷ്ടം 1676.02 കോടി രൂപയാണെന്നും 571.22 കോടി രൂപയുടെ വരുമാന ലാഭം കുറയ്ക്കുമ്പോൾ 1053.79 കോടി രൂപ നഷ്ടം റഗുലേറ്ററി ആസ്തിയായി കണക്കാക്കണമെന്നുമാണ് കെ.എസ്.ഇ.ബിയുടെ വാദം.

കെ.എസ്.ഇ.ബിയുടെ വരും വർഷങ്ങളിലെ വരവ്, ചെലവ് എസ്റ്റിമേറ്റിന് റഗുലേറ്ററി കമ്മിഷൻ മുൻകൂട്ടി അംഗീകാരം നൽകും. അതതു വർഷം അവസാനിക്കുമ്പോൾ ഈ എസ്റ്റിമേറ്റും യഥാർഥ വരവ്, ചെലവ് കണക്കും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കി അംഗീകാരത്തിനായി കെ.എസ്.ഇ.ബി അപേക്ഷ സമർപ്പിക്കും. അതിലാണ് നഷ്ടം രേഖപ്പെടുത്തിയിട്ടുള്ളത്.

2024 മാർച്ച് 31 വരെയുള്ള റഗുലേറ്ററി ആസ്തി 6645.30 കോടി രൂപയുണ്ട്. ഈ തുക 2031 മാർച്ച് 31 ന് മുൻപ് കെഎസ്ഇബിക്കു തിരിച്ചു കിട്ടുന്ന വിധം വൈദ്യുതി നിരക്ക് വർധിപ്പിക്കണമെന്നു സുപ്രീം കോടതി ഉത്തരവിട്ടിരുന്നു. ഇതിനോടൊപ്പം 2024-25 ലെ നഷ്ടം കൂടി ചേർക്കുമ്പോൾ ആകെ നഷ്ടം 7699.09 കോടി രൂപയാകും. 2026 ഏപ്രിൽ മുതൽ പരിഷ്കരിക്കുന്ന വൈദ്യുതി നിരക്കിൽ ഇത്തരത്തിൽ തിരിച്ചു പിടിക്കേണ്ട തുക കൂടി കൂട്ടിച്ചേർക്കുമ്പോൾ ഉപയോക്താക്കൾക്ക് യൂണിറ്റിന് ഒരു രൂപയിലധികം വർധിക്കുമെന്നാണ് കണക്കാക്കുന്നത്.



കേരളത്തിന് അധിക വായ്പയെടുക്കാനുള്ള കേന്ദ്ര നിർദേശത്തിന്റെ ഭാഗമായി 2023-24 ലെ കെഎസ്ഇബിയുടെ ആകെ നഷ്ടത്തിന്റെ 90% ആയ 494.29 കോടി രൂപ സർക്കാർ ഏറ്റെടുത്തിരുന്നു. ഇതു കൂടി ചേർത്താണ് 2024-25 ൽ ലാഭം 571 കോടിയായത്. ഇതിനു പുറമേ, കെഎസ്ഇബിക്കു വിവിധ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കേണ്ട കുടിശികയായ 718.02 കോടി രൂപയും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

കെ.എസ്.ഇ.ബി ലാഭം നേടുമ്പോഴും തിരിച്ചുപിടിക്കാൻ കഴിയാത്ത തുക നഷ്ടം കാണിക്കുന്നതിന്റെ കാരണങ്ങൾ കമ്മിഷൻ വിശദമായി പരിശോധിക്കും. ചെലവു കുറച്ചു പ്രവർത്തന നഷ്ടം കുറയ്ക്കണമെന്നാണ് കമ്മിഷന്റെ നിലപാട്. ഇല്ലെങ്കിൽ ഉണ്ടാകുന്ന നഷ്ടം പൂർണമായും ഉപയോക്താക്കൾ വഹിക്കേണ്ടി വരും.

# ക്ലാപ്പ് എഐയുമായി ഡിജിറ്റൽ വർക്കർ സർവീസസ്

**കൊച്ചി:** മെമ്മോ ബി.പി.ഒ പ്ലാറ്റ് ഫോമിനായുള്ള എഐ അധിഷ്ഠിത കോ-വർക്കർ ജനറേഷൻ ഡെസ്ക്ടോപ്പ് ടൂളായ 'ക്ലാപ്പ് എ.ഐ' ഡിജിറ്റൽ വർക്കർ സർവീസസ് സ്റ്റാർട്ടപ്പ് പുറത്തിറക്കി. മെമ്മോ ബിപിഒ പ്ലാറ്റ് ഫോമിനായുള്ള ലോകത്തിലെ ആദ്യ എ.ഐ കോ-വർക്കർ ജനറേഷൻ ഡെസ്ക്ടോപ്പ് ടൂളാണ് കൊച്ചി ആസ്ഥാനമായ സ്റ്റാർട്ടപ്പ് പുറത്തിറക്കിയത്. ഓൺസ്ക്രീൻ ജോലികളെ ഓട്ടോമേറ്റഡ് വർക്ക് ഫ്ളോ ആക്കി മാറ്റുന്നതിൽ ഇതൊരു വഴിത്തിരിവാണ്. ആരോമൽ ജയരാജ് ഷിക്കി, ജെയ്ജോ ജെയിംസ് ജോൺ എന്നിവരാണ് ക്ലാപ്പ് എ.ഐ യ്ക്ക് പിന്നിൽ. ഉപയോക്താവിന്റെ ജോലിയും പോയിന്റുകളും സ്ക്രീനിൽ 'ക്ലാപ്പ് എ.ഐ' നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യും. നിലവിൽ ജോലി ചെയ്യുന്നവർ ഒരു പുതിയ സഹപ്രവർത്തകനെ പരിശീലിപ്പിക്കുന്ന ശൈലിയിൽ ഇത് ഉപയോക്താവിനെ പരിശീലിപ്പിക്കുന്നു. തുടർന്ന് 'ക്ലാപ്പ് ' ആ ജോലിയിൽ ഒരു സഹപ്രവർത്തകനായി ചുമതലയേൽക്കും. മെമ്മോ ക്ലൗഡ് ബി.പി.ഒ പ്ലാറ്റ് ഫോം ഉപയോഗിച്ച് ഉപയോക്താവിന് ഒറ്റ ക്ലിക്കിലൂടെ ധാരാളം സഹപ്രവർത്തകരെ വിന്യസിക്കാനും കാര്യക്ഷമമായ തൊഴിലിടം സൃഷ്ടിക്കാനും ഇതിലൂടെ സാധിക്കും.

ക്ലാപ്പ് ഓട്ടോമേഷൻ വെറുമൊരു ഉപകരണം മാത്രമല്ലെന്ന് ഡിജിറ്റൽ വർക്കർ സർവീസസിന്റെ സഹസ്ഥാപകനും സി.ഇ.ഒയുമായ ആരോമൽ ജയരാജ് ഷിക്കി പറഞ്ഞു. കംപ്യൂട്ടറധിഷ്ഠിത ജോലികളെല്ലാം ഡിജിറ്റൽ സഹപ്രവർത്തകർ ചെയ്യുന്നതിനൊപ്പം സ്വാഭാവിക സംഭാഷണങ്ങൾ, പുതിയ ആശയങ്ങൾ, അർത്ഥവത്തായ ബന്ധങ്ങൾ തുടങ്ങിയവയാൽ നയിക്കപ്പെടുന്ന ഒരു ഭാവി ജോലി സംസ്കാരമാണ് വിഭാവനം ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ക്ലാപ്പ് എഐ യ്ക്ക് മൈക്രോസോഫ്റ്റ് ഫണ്ടിംഗിനൊപ്പം സ്വകാര്യ ഇക്വിറ്റി നിക്ഷേപവും ലഭിച്ചിരുന്നു. ഉൽപ്പന്ന വികസനത്തിനായി 2.5 മില്യൺ യുഎസ് ഡോളർ (ഏകദേശം 20 കോടി രൂപ) നേടാനായത് ശ്രദ്ധേയം. ഇന്ത്യ, യുഎസ്, യൂറോപ്പ് എന്നിവിടങ്ങളിലെ ഉപഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പങ്കാളിത്ത ചർച്ചകളും നടക്കുന്നുണ്ട്.

അടുത്ത ഒമ്പത് മാസത്തിനുള്ളിൽ പ്രതിമാസം 1 മില്യൺ യുഎസ് ഡോളറിലധികം വരുമാനം (ഏകദേശം 9 കോടി രൂപ) നേടാനും സ്റ്റാർട്ടപ്പ് ലക്ഷ്യമിടുന്നു. ഒരു മനുഷ്യന് കമ്പ്യൂട്ടർ സ്ക്രീനിൽ കാണാനും പ്രവർത്തിക്കാനും കഴിയുന്നതെല്ലാം വർക്ക്ഫ്ളോയും ഓട്ടോമേറ്റഡുമായി പകർത്താൻ ക്ലാപ്പിലൂടെ സാധിക്കുമെന്ന് ഡിജിറ്റൽ വർക്കർ സർവീസസ് സഹസ്ഥാപകനും ഡയറക്ടറുമായ ജെയ്ജോ ജെയിംസ് ജോൺ പറഞ്ഞു. മികച്ച റെക്കോർഡിംഗ്, ഇൻറലിജൻറ് മാപ്പിംഗ്, ഗുണമേന്മയുള്ള നിർവഹണം എന്നിവയിലൂടെ ക്ലാപ്പ് ഇത് യാഥാർത്ഥ്യമാക്കും. ഭാഷാ മോഡലുകളില്ലാതെ പ്രാദേശിക ഇൻസ്റ്റാളേഷനും ആർട്ടിഫിഷ്യൽ ജനറൽ ഇന്റലിജൻസ് (എജിഐ) കോഡോടെയുമാണ് ഇത് സാധ്യമായതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഗ്രാമീണ മേഖലകളിൽ സംരംഭകത്വവും ഉപജീവന മാർഗങ്ങളും; ആസ്പെയർ പദ്ധതിയുമായി സർക്കാർ

**ന്യൂഡൽഹി:** ഗ്രാമീണ മേഖലകളിൽ സംരംഭകത്വവും ഉപജീവന മാർഗങ്ങളും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ എം.എസ്.എം.ഇ മന്ത്രാലയം ആസ്പെയർ പദ്ധതി നടപ്പാക്കുന്നു. നൈപുണ്യ വികസനം, മാർഗ നിർദേശക പരിപാടി, സൂക്ഷ്മ സംരംഭങ്ങൾക്ക് പിന്തുണ എന്നിവയിലൂടെ തൊഴിലവസര സൃഷ്ടിയ്ക്ക് അനുകൂലമായ ആവാസവ്യവസ്ഥ രൂപപ്പെടുത്തുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. രാജ്യത്തുടനീളം ഇതുവരെ, 109 ഉപജീവന വ്യാപാര മാർഗനിർദേശക കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയ്ക്ക് കീഴിൽ ആകെ 1,16,726 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുകയും ഇതിൽ 18,444 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും 13,824 പേർ വേതനം ലഭിക്കുന്ന ജോലി നേടുകയും 1,141 സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2022 മുതൽ മന്ത്രാലയം പട്ടികജാതി/പട്ടികവർഗ/ഒബിസി/പൊതു വിഭാഗങ്ങൾ തിരിച്ചും ലിംഗഭേദാടിസ്ഥാനത്തിലും വിവരങ്ങൾ ശേഖരിച്ചു തുടങ്ങി. 2022 മുതൽ ആകെ പരിശീലനം ലഭിച്ച 56,721 ഗുണഭോക്താക്കളിൽ 27,970 പേർ സ്ത്രീകളും 8,365 പേർ പട്ടികജാതി വിഭാഗക്കാരും 9,311 പേർ പട്ടികവർഗക്കാരുമാണ്. പട്ടികജാതി/പട്ടികവർഗക്കാർക്കും സ്ത്രീകൾക്കുമുൾപ്പെടെ രാജ്യത്തെ സംരംഭകർക്കിടയിൽ കൂടുതൽ പ്രചാരണത്തിനായി സംസ്ഥാന കേന്ദ്ര ഭരണ പ്രദേശങ്ങളിലെ എം.എസ്.എം.ഇ വ്യാവസായിക വകുപ്പുകൾ, സി.ജി.ടി.എം.എസ്.ഇ, സിഡ്ബി, ബാങ്കുകൾ, എം.എസ്.എം.ഇ അസോസിയേഷനുകൾ തുടങ്ങിയവയുമായി ചേർന്ന് എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ ഫീൽഡ് ഓഫീസുകൾ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പട്ടികജാതി/പട്ടികവർഗ സംരംഭകരുടെ ശേഷി വർധനയ്ക്കായി എംഎസ്എംഇ മന്ത്രാലയം ദേശീയ പട്ടികജാതി പട്ടികവർഗ ഹബ് പദ്ധതി നടപ്പാക്കുന്നു. കൂടാതെ, പ്രധാനമന്ത്രി സമ്മാൻ സ്കീമിന് (പി.എം.എസ്.എസ്) കീഴിൽ പട്ടികജാതി/പട്ടികവർഗക്കാർക്കും സ്ത്രീകൾക്കും വേണ്ടി വിൽപ്പനക്കാരുടെ വികസന പരിപാടി (വി.ഡി.പി) സംഘടിപ്പിക്കുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

ഔപചാരികവൽക്കരണം, വായ്പാ ലഭ്യത, ശേഷി വർധന, മാർഗനിർദേശക പരിപാടി എന്നിവ സംബന്ധിച്ച വിവിധ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് രാജ്യത്തുടനീളം വനിതാ സംരംഭകരെ ശാക്തീകരിക്കുന്നതിന് എംഎസ്എംഇ മന്ത്രാലയം 'യശസ്വിനി കാമ്പയിൻ' നടത്തിവരുന്നു.




## സ്ഥാനാർത്ഥികളുടെ മരണം : പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനമായി

**കൊച്ചി:** സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. 2026 ജനുവരി 12 ന് (തിങ്കൾ) രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ഡിസംബർ 24 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. നാമനിർദ്ദേശ പത്രികയുടെ സൂക്ഷമ പരിശോധന ഡിസംബർ 26 ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തിയതി ഡിസംബർ 29 ആണ്. ജനുവരി 13 ന് രാവിലെ 10 മുതലാണ് വോട്ടെണ്ണൽ.മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിലെ പായിംപാടം, എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുന്നത്. ഡിസംബർ 9, 11 തീയതികളിലെ വോട്ടെടുപ്പ് റദ്ദാക്കുന്ന സമയത്ത് സ്ഥാനാർത്ഥിയായിരുന്നവർ വീണ്ടും നാമനിർദേശ പത്രിക സമർപ്പിക്കേണ്ടതില്ല. പുതുതായി പത്രിക സമർപ്പിക്കാൻ താൽപര്യമുള്ളവർക്ക് ഡിസംബർ 24 വരെ സമർപ്പിക്കാം. എന്നാൽ വോട്ടെടുപ്പ് റദ്ദാക്കുന്നതിന് മുമ്പ് സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളവരുടെ സ്ഥാനാർത്ഥിത്വം നിലനിൽക്കില്ല.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്വദേശ് ദർശൻ 2.0 പദ്ധതി : കേരളത്തിന് അനുവദിച്ചത് 182.86 കോടി രൂപ

**തിരുവനന്തപുരം:** രാജ്യത്ത് സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സ്വദേശ് ദർശൻ 2.0' പദ്ധതിയിലൂടെ കേരളത്തിന് ഇതുവരെ അനുവദിച്ചത് 182.86 കോടി രൂപയെന്ന് കേന്ദ്ര ടൂറിസം മന്ത്രാലയം. കുമരകം, ആലപ്പുഴ, മലമ്പുഴ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതികൾക്കാണ് തുക അനുവദിച്ചത്. ഇതിനുപുറമെ സ്വദേശ് ദർശൻ, ചലഞ്ച് ബേസ്ഡ് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ്, പ്രസാദ്, അസിസ്റ്റൻസ് ടു സെൻട്രൽ ഏജൻസീസ് ഫോർ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ്, സ്പെഷ്യൽ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് എന്നീ പദ്ധതികൾ വഴിയും കേരളത്തിലെ ടൂറിസം മേഖലാ വികസനത്തിനായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത് പറഞ്ഞു. ലോക്സഭയിൽ കേരള തീരദേശ സർക്യൂട്ടുമായി ബന്ധപ്പെട്ട ഡോ.എം.പി.അബ്ദുസമദ് സമദാനിയുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി. കുമരകം പക്ഷിസങ്കേതത്തിനായി 2023-24 കാലയളവിൽ 13.81 കോടി രൂപയും ആലപ്പുഴ ഗ്ലോബൽ വാട്ടർ വണ്ടർലാൻഡിനായി 93.18 കോടി രൂപയും മലമ്പുഴ ഗാർഡൻ, ഉല്ലാസ കേന്ദ്രം എന്നിവയ്ക്കായി 75.87 കോടി രൂപയും 2024-25 കാലയളവിൽ അനുവദിച്ചു. മലപ്പുറം ജില്ലയിലെ തീരദേശ സമൂഹങ്ങളുടെ വികസനത്തിനായുള്ള പദ്ധതികൾ തീരദേശ സർക്യൂട്ട് വികസനത്തിൽ ഉൾപ്പെടുത്താൻ സാധ്യതയുണ്ടോയെന്ന ചോദ്യത്തിന് തീരദേശ സർക്യൂട്ട് ഉൾപ്പെടെയുള്ള വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതും വികസിപ്പിക്കുന്നതും പ്രാഥമികമായി അതത് സംസ്ഥാന ഗവൺമെന്റുകളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ചുമതലയാണെന്ന് മന്ത്രി മറുപടി നൽകി.

# സീയ സീസൺസ്: എക്സിബിഷന് തുടക്കമായി




**കൊച്ചി:** വനിതാ സംരംഭകരുടെ കേരളത്തിലെ ഏറ്റവും വലിയ പ്രദർശനമായ സീയ സീസൺസ് പതിനാലാമത് എഡിഷൻ പനമ്പിള്ളി നഗർ അവന്യൂ സെന്ററിൽ തുടങ്ങി. കേരളത്തിനകത്തും പുറത്തും നിന്നെത്തുന്ന നൂറിൽപരം വനിതകളുടെ വ്യത്യസ്ത ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും സംഘടിപ്പിക്കുന്ന സീയ സീസൺസ് എക്സിബിഷന്റെ 14ാമത് എഡിഷൻ ഇന്നും തുടരും. ചലച്ചിത്ര താരം സാധിക വേണുഗോപാൽ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കൗൺസിലർമാരായ പി.ഡി മാർട്ടിൻ, ജയ്സൺ ജോർജ്ജ്, ചലച്ചിത്ര താരം ബിന്ദുപണിക്കർ, സിനിമ സീരിയൽ താരം ആൻ മരിയ, ചലച്ചിത്ര താരവും മോഡലുമായ കല്യാണി പണിക്കർ, യൂണിമോണി സോണൽ മാനേജർ സന്തോഷ്, ജോയ് ആലുക്കാസ്, മാർക്കറ്റിംഗ് മാനേജർ സെബാസ്റ്റ്യൻ, ബിസ്ക്കോൺ മാനേജിങ് ഡയറക്ടർ അനീഷ്, മില്ലെനിയം ഗോൾഡ് മാർക്കറ്റിങ് മാനേജർ അരുൺ, ഇത്ര ഫ്യൂച്ചർ ഡയറക്ടർ ജാസ്മിൻ ഷെഫീക്ക്, അറേബ്യൻ ഗോൾഡ് ആൻഡ് ഡയമണ്ട്സ് റീജിയണൽ മാർക്കറ്റിംഗ് മാനേജർ സജീബ്, ഡയറക്ട് ഇംഗ്ലീഷ് ഡയറക്ടർ ഗീതാഞ്ജലി തുടങ്ങിയവർ പങ്കെടുത്തു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെയും കേരളത്തിലെയും വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന 100ൽപരം സ്ത്രീ സംരംഭകരുടെ വ്യത്യസ്ത ഉത്പന്നങ്ങൾ പരിചയപ്പെടാനും സ്വന്തമാക്കാനും എത്തുന്ന സന്ദർശകരായ ഭാഗ്യശാലികൾക്ക് വിവിധ സമ്മാനങ്ങളും ലഭിക്കും. വ്യത്യസ്തമായ ഡിസൈനർ വസ്ത്രങ്ങൾ, ആഭരണങ്ങൾ, കരകൗശല വസ്തുക്കൾ, ഗിഫ്റ്റ് ഐറ്റംസ്, ഹോം മെയ്ഡ് ഫുഡ്, ബുക്സ്, കളിപ്പാട്ടങ്ങൾ തുടങ്ങി വിവിധ്യമർന്ന നിരവധി ഉത്പന്നങ്ങളാണ് മേളയിൽ എത്തിയിരിക്കുന്നത്.

ജോയ് ആലുക്കാസ് നൽകുന്ന സ്വർണ്ണ സമ്മാനങ്ങൾ, അറേബ്യൻ ഗോൾഡ്, മില്ലേനിയം ഗോൾഡ് എന്നിവ നൽകുന്ന സ്പെഷ്യൽ ഗിഫ്റ്റുകൾ, നറുക്കെടുപ്പിലൂടെ വിവിധ ബ്രാൻഡുകൾ നൽകുന്ന സമ്മാനങ്ങൾ എന്നിവ സന്ദർശകർക്കായി ലഭിക്കും. സ്ത്രീ സംരംഭകർക്കുള്ള ബിസിനസ് ആശയങ്ങളെ പ്രാവർത്തികമാക്കാനുള്ള പരിശീലനങ്ങൾ, നിർദ്ദേശങ്ങൾ, ബ്രാൻഡിംഗ് ആൻഡ് ഡിജിറ്റൽ പരിശീലനങ്ങൾ, കേന്ദ്ര കേരള സഹായങ്ങളെ കുറിച്ചുള്ള മാർഗ്ഗനിർദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടി ക്ലാസ്സുകളും സ്റ്റാൾ സൗകര്യം തയ്യാറാക്കിയിട്ടുണ്ടെന്നു ഈവന്റ് കോഡിനേറ്റർ സീനത്ത് അഷ്റഫ് പറഞ്ഞു.

# ലുലു സിഗ്നേച്ചർ ക്ലബിന്റെ പുതിയ മെമ്പർഷിപ്പ് പ്ലാൻ പുറത്തിറക്കി

**കൊച്ചി:** ലുലുമാളുകളിൽ എത്തുന്ന ഉപഭോക്താക്കൾക്ക് ഷോപ്പിങ്ങിനൊപ്പം ഒട്ടനവധി ആനുകൂല്യങ്ങളും ഓഫറുകളും വാഗ്ദാനം ചെയ്യുന്ന ലുലു സിഗ്നേച്ചർ ക്ലബിന്റെ പുതിയ മെമ്പർഷിപ്പ് കാർഡ് പുറത്തിറങ്ങി. കൊച്ചിയിൽ നടന്ന ചടങ്ങിൽ മെമ്പർഷിപ്പ് കാർഡ് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയിൽ നിന്ന് സംഗീത സംവിധായകൻ സ്റ്റീഫൻ ദേവസ്സി ഏറ്റുവാങ്ങി. ചടങ്ങിൽ കൊച്ചി ലുലു ഡയറക്ടർ സാദിക്ക് കാസിം, ലുലു റീജണൽ ഡയറക്ടർ സുധീഷ് ചെരിയിൽ , ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ് എന്നിവർ പങ്കെടുത്തു.

ലുലു മാൾ അവതരിപ്പിക്കുന്ന സിഗ്നേച്ചർ ക്ലബ് മെമ്പർഷിപ്പിലൂടെ നിരവധി പ്ലാനുകളും ഉപഭോക്താക്കൾക്ക് ലഭിക്കും. നാല് പ്രത്യേക പ്ലാനുകളിലൂടെയാണ് ലുലു സിഗ്നേച്ചർ ക്ലബ് മെമ്പർഷിപ്പ് അവതരിപ്പിച്ചിരിക്കുന്നത്. ക്ലാസിക്ക് 15,000 രൂപ, പ്രീമിയം മെമ്പർഷിപ്പിന് 30,000 രൂപ, ഗ്രാൻഡ് മെമ്പർഷിപ്പിന് 60,000 രൂപ, റോയൽ മെമ്പർഷിപ്പിന് 1,10,000 രൂപ നിരക്കിൽ പ്ലാനുകൾ ലഭ്യമാക്കിയിട്ടുള്ളത്.ഓരോ മെമ്പർഷിപ്പും ലുലുവിന്റെ ഷോപ്പിംഗ് അനുഭവത്തോടൊപ്പം മറ്റു പ്രീമിയം സേവനങ്ങളും ലൈഫ്സ്റ്റൈൽ പ്രിവിലേജുകളും ലഭ്യമാക്കിയിട്ടുണ്ട്.



ലുലു ഷോപ്പിംഗ് വൗച്ചറുകൾ, ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി , ലുലു മാരിയറ്റ് അടക്കമുള്ള ആഡംബര ഹോട്ടലുകളിലെ സ്റ്റേക്കേഷൻ പാക്കേജുകൾ, ഫൈൻ ഡൈനിംഗ് , ലുലു പിവിആറിൽ സിനിമ പ്രിവിലേജുകൾ, സൗജന്യമായ നോർമൽ പാർക്കിങ്ങും വാലറ്റ് കാർ പാർക്കിംഗ്, ലുലു ഫൺട്യൂറ വൗച്ചറുകൾ കൂടാതെ വിപുലമായ ഓഫറുകളും ഒരുക്കിയിട്ടുണ്ട്.

# ജൻഡർ അവബോധ പരിശീലനം നടത്തി

**ബത്തേരി:** കുടുംബശ്രീ ജില്ലാ മിഷൻ സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസുമായി സഹകരിച്ച് ട്രൈബൽ ജി.ആർ.സി പദ്ധതിയുടെ ഭാഗമായി ജൻഡർ അവബോധ പരിശീലന പരിപാടി സംഘടിപ്പിച്ചു. സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷൻ ഹാളിൽ സംഘടിപ്പിച്ച പരിപാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ കെ. കെ മോഹൻദാസ് ഉദ്ഘാടനം ചെയ്തു. സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന 120 ഓളം പ്രൊമോട്ടർമാർ പരിശീലനത്തിൽ പങ്കെടുത്തു. അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ ടി. പി ശ്രീകല അധ്യക്ഷയായ പരിപാടിയിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പി. എസ് ശ്രീനാഥ്, ജൂനിയർ സൂപ്രണ്ട് കെ. ആർ രജീഷ്, കുടുംബശ്രീ ജൻഡർ ജില്ലാ പ്രോഗ്രാം മാനേജർ ആശ പോൾ, കമ്മ്യൂണിറ്റി കൗൺസിലർ കെ.പി ബബിത എന്നിവർ സംസാരിച്ചു.

# ഇ.പി.എഫ് ഇ.എസ്.ഐ സംയുക്ത അദാലത്ത് ഡിസംബർ 27ന്

**തൊടുപുഴ:** ഇടുക്കി ജില്ലയിലുള്ള തൊഴിലാളികൾ, തൊഴിലുടമകൾ, പെൻഷൻകാർ എന്നിവർക്കായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷനും സംയുക്തമായി നടത്തുന്ന ബോധവല്കരണ പരിപാടിയും പരാതിപരിഹാര അദാലത്തും 29 ന് രാവിലെ 9 മണി മുതൽ അഴുത ബ്ലോക്ക് പഞ്ചായത്തിന്റെ ഹാളിൽ നടക്കും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പരാതികൾ മൂന്നാർ ഇ.പി.എഫ് ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ 4 ന് മുൻപ് സമർപ്പിക്കണം. ഇ.എസ്.ഐ സംബന്ധമായ പരാതികൾ ഇ.എസ്.ഐ കോർപ്പറേഷൻ ഓഫീസിലും സമർപ്പിക്കാം. 29ന് നേരിട്ട് ഹാജരായി സമർപ്പിക്കുന്ന പരാതികളും സ്വീകരിക്കും. കൂടുതൽവിവരങ്ങൾക്ക്: 9497401056/8921247470 (ഇ. എസ്. ഐ. സി), 8129683344 (പി. എഫ്).

# കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ കർശന നടപടി: ജില്ലാ കളക്ടർ

**തൊടുപുഴ:** കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ കർശന നടപടി സ്വീകരിക്കുമെന്നും, ഇത്തരം വിഷയങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിക്കാൻ പോലീസിന് കർശന നിർദേശം നൽകിയിട്ടുണ്ടെന്നും ജില്ലാകളക്ടർ ഡോ.ദിനേശൻ ചെറുവാട്ട്. സംസ്ഥാന ബാലവകാശ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ജില്ലാതല അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. ബാലാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ജില്ലയിൽ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ, അവയുടെ പുരോഗതി, പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ വിലയിരുത്തുന്നതിനായാണ് അവലോകന യോഗം ചേർന്നത്.

ജില്ലയിൽ കുട്ടികൾക്ക് മാത്രമായി ഡീഅഡിക്ഷൻ സെന്റർ, സൈക്യാട്രിസ്റ്റിന്റെ സേവനം, വിദ്യാലയങ്ങളിലെ കുട്ടികളുടെ ഹാജരില്ലായ്മ, ഉന്നതികളിലേയ്ക്ക് സ്കൂൾ വാഹനങ്ങളുടെ കുറവ്, സ്കൂളുകളിൽ കൗൺസിലറുടെ സേവനം തുടങ്ങിയ വിവിധ ആവശ്യങ്ങൾ വിവിധ വകുപ്പ് മേധാവികൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി. സ്കൂളുകളിൽ കുട്ടികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണെന്ന് ബാലാവകാശ കമ്മീഷൻ അംഗങ്ങൾ പറഞ്ഞു. കുട്ടികളിലെ മൊബൈൽ ഫോൺ ഉപയോഗം പാടെ ഒഴിവാക്കുകയല്ല മറിച്ച് ഉത്തരവാദിത്തത്തോടെ ഉപയോഗിക്കുവാൻ കുട്ടികളെ രക്ഷിതാക്കളും അധ്യാപകരും പഠിപ്പിക്കണമെന്നും അംഗങ്ങൾ വ്യക്തമാക്കി. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി താഴേത്തട്ടിൽ പ്രവർത്തിക്കാൻ കുടുംബശ്രീയ്ക്കും പഞ്ചായത്ത് അടക്കമുള്ള വകുപ്പുകൾക്ക് സാധിക്കുമെന്നും ബാലാവകാശ കമ്മീഷൻ വിലയിരുത്തി.

സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗങ്ങളായ അഡ്വ. പി. ഷജേഷ് ഭാസ്കർ, കെ.കെ ഷാജു, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി. ജേക്കബ്, ജില്ലാ ശിശുക്ഷേമ ഓഫീസർ വി.ഐ നിഷ എന്നിവർ സംസാരിച്ചു.

# വാക്ക് ഇൻ ഇന്റർവ്യൂ

**തൊടുപുഴ:** കേരള മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ ഇടുക്കിയിൽ പ്രവർത്തിക്കുന്ന മഹിള ശിക്ഷൺ കേന്ദ്രത്തിലേക്ക് റസിഡൻഷ്യൽ ടീച്ചർ, ക്ലീനിംഗ് സ്റ്റാഫ് കം കുക്കിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ സ്ത്രീ ഉദ്യോഗാർഥികൾക്കായി 19ന് രാവിലെ 11.30ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം മറയൂർ സഹായഗിരി ആശുപത്രിക്ക് സമീപം പ്രവർത്തിക്കുന്ന മഹിള ശിക്ഷൺ കേന്ദ്രത്തിൽ ഹാജരാകണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പട്ടികജാതി വിദ്യാർഥികൾക്ക് സൗജന്യ തൊഴിൽ പഠനം

**കൊച്ചി:** സംസ്ഥാന പട്ടികജാതി വികസനവകുപ്പിന്റെ നേതൃത്വത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി ഓട്ടോ മൊബൈൽ മേഖലയിൽ സൗജന്യമായി നടത്തുന്ന ടിങ്കറിങ് ആന്റ് പെയിന്റിംഗ്, അഡ്വാൻസ്ഡ് ഇലക്ട്രിക് വെഹിക്കിൾ ടെക്നോളജി എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറുമാസ കാലാവധിയുള്ള ടിങ്കറിംഗ് ആൻഡ് പെയിന്റിംഗ് കോഴ്സിന് എസ്.എസ്.എൽ.സിയാണ് യോഗ്യത. അഞ്ചു മാസം കാലാവധിയുള്ള അഡ്വൻസഡ് ഇലക്ട്രിക് വെഹിക്കിൾ ടെക്നോളജി കോഴിസിന് ഐ.ടി.എ അല്ലെങ്കിൽ ഡിപ്ലോമ എന്നിവയിൽ ഏതു ട്രേഡിലാണെങ്കിലും തോറ്റവർക്കും ജയിച്ചവർക്കും അപേക്ഷിക്കാം. പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് താമസവും ഭക്ഷണവും സൗജന്യമായിരിക്കും. കൂടാതെ പരിശീലനത്തിനുള്ള സൗകര്യവും കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ജോലിയും ഉറപ്പാക്കും. 18 നും 30 നും ഇടയിൽ പ്രായമുള്ള യോഗ്യരായവർക്ക് അപേക്ഷിക്കാം. ഡിസംബറിൽ ആരംഭിക്കുന്ന ബാച്ചിലേക്ക് പ്രവേശനം നേടാൻ 9387580024, 9846019500 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.



# കെ.സി.ബി.സി അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** കേരള കത്തോലിക്ക ബിഷപ്പ്സ് കോൺഫറൻസിന്റെ (കെ.സി.ബി.സി) നേതൃത്വത്തിൽ സംഘടിപ്പിച്ച കെ.സി.ബി.സി മീഡിയ അവാർഡ് വിതരണവും വിവിധ അവാർഡ് സമർപ്പണ സമ്മേളനവും പി.ഒ.സിയിൽ നടന്നു. മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. വരാപ്പുഴ അതിരൂപത സഹായമെത്രാൻ ബിഷപ്പ് ആന്റണി വാലുങ്കൽ അധ്യക്ഷത വഹിച്ചു. മീഡിയ അവാർഡ് ടോം ജേക്കബ്, സാഹിത്യ അവാർഡ് വി. ജെ. ജെയിംസ് ദാർശനിക അവാർഡ് റവ. ഡോ. തോമസ് വള്ളിയണിപ്പുറം, യുവ പ്രതിഭ (യങ് ടാലന്റ്) അവാർഡ് സ്റ്റെഫി സേവ്യർ, ഗുരുപൂജ അവാർഡ്: ബേബിച്ചൻ ഏർത്തായിൽ, ജോർജ് മരങ്ങോളി, ഫാ. ജോൺ വിജയൻ എന്നിവർക്കും ജെയിംസ് കെ.സി. മണിമല അവാർഡ് ബ്രിട്ടോ വിൻസെന്റിനും സമ്മാനിച്ചു. ടി.ജെ വിനോദ് എം.എൽ.എ, പി.ഒ.സി ഡയറക്ടർ ഫാ.തോമസ് തറയിൽ തുടങ്ങിയവർ സംസാരിച്ചു.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എറണാകുളം ഡിവിഷന്റെ കീഴിലുള്ള ഇടപ്പള്ളി വർക്കിംഗ് വുമൺസ് ഹോസ്റ്റലിലേക്ക് സി.സി.ടി.വി സ്ഥാപിക്കുന്നതിനായി ക്വട്ടേഷനുകൾ ക്ഷണിച്ചു. 4,100 രൂപയാണ് നിരതദ്രവ്യം.

ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 24 വൈകിട്ട് മൂന്ന് വരെ. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം ബോട്ട് ജെട്ടിക്ക് സമീപമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലോ, ഫോൺ/ ഇമെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്. ഫോൺ : 0484-2369059, 9074679840.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ എറണാകുളം ഡിവിഷന് കീഴിലുള്ള കാക്കനാട് വർക്കിംഗ് വുമൺസ് ഹോസ്റ്റലിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. 4400 രൂപയാണ് നിരതദ്രവ്യം. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 24 ന് വൈകിട്ട് മൂന്നു വരെ. കൂടുതൽ വിവരങ്ങൾക്കായി എറണാകുളം ബോട്ട് ജെട്ടിക്ക് സമീപമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലോ, ഫോൺ/ഇമെയിൽ, മുഖേനയോ ബന്ധപ്പെടാവുന്നതാണ്.ഫോൺ : 0484-2369059, 9074679840,

## തൊഴിൽ മേള

**കൊച്ചി;** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 20 ന് രാവിലെ 10 മുതൽ കളമശ്ശേരി വനിത ഐ.ടി.ഐയിൽ തൊഴിൽ മേള സംഘടിപ്പിക്കുന്നു. പതിനഞ്ചിലധികം ഉദ്യോഗദായകർ പങ്കെടുക്കുന്ന തൊഴിൽ മേളയിൽ 200 ൽ പരം ഒഴിവുകളിലേക്കാണ് അഭിമുഖം നടക്കുന്നത്. എസ്.എസ്.എൽ.സി, പ്ലസ് ടു, ഐ.ടി.ഐ, ഡിപ്ലോമ, ബിരുദം, ബിരുദാന്തര ബിരുദം, ബി.ടെക് എന്നീ യോഗ്യതകൾ ഉള്ളവർക്ക് പങ്കെടുക്കാം. താൽപ്പര്യമുള്ളവർ ഡിസംബർ 20ന് രാവിലെ 10 ന് കളമശ്ശേരി വനിതാ ഐ.ടി.ഐയിൽ ബയോഡാറ്റയുടെ നാല് കോപ്പികൾ സഹിതം ഹാജരാകണം. ഫോൺ: 0484-2422452.




# ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** 'മത്സ്യ പോസ്റ്റ്ഹാർവെസ്റ്റ് മേഖലയിലെ സംരംഭകാവസരങ്ങൾ' എന്ന വിഷയത്തിൽ ഏകദിനബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആൻഡ് എഞ്ചിനീയറിംഗ് ട്രെയിനിംഗ് ഡയറക്ടർ എം. ഹബീബുള്ള പരിപാടി ഉദ്ഘാടനം ചെയ്തു. ഐസിഎആർ -സിഫ്റ്റ് ഡയറക്ടർഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. കെ. എൻ. രാഘവനും വൈസ് പ്രസിഡന്റ് അലക്സ്നൈനാനും ചടങ്ങിൽ മുഖ്യാതിഥികളായി. മത്സ്യ ഫിഷറീസ് ഇൻക്യൂബേഷൻ സെന്ററിന്റെനേതൃത്വത്തിൽ സോണൽ ടെക്നോളജി മാനേജ്മെന്റ്- അഗ്രിബിസിനസ് ഇൻക്യൂബേഷൻ സെന്ററിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ സംരംഭകർ, സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ, ഗവേഷകർ,വ്യവസായ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ഐസിഎആർ -സിഫ്റ്റിലെ ശാസ്ത്രജ്ഞർ മത്സ്യ ഇൻക്യൂബേഷൻ, മത്സ്യ സംസ്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളും, സീഫുഡ് മാലിന്യങ്ങളുടെ ഉപയോഗം, പാക്കേജിംഗ്, ഗുണനിലവാര നിയന്ത്രണം, ബയോടെക്നോളജി അധിഷ്ഠിത നൂതന ആശയങ്ങൾ, പോഷകമൂല്യമുള്ള മത്സ്യ ഉൽപ്പന്നങ്ങൾ തുടങ്ങിയവിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. എഫ്.എസ്.എസ്.എ.ഐ മാർഗനിർദേശങ്ങൾ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ പിന്തുണാ പദ്ധതികൾ, ബാങ്ക് വായ്പാ സൗകര്യങ്ങൾ, വ്യവസായ സാങ്കേതികവിദ്യകൾ എന്നിവയെക്കുറിച്ചും പ്രത്യേക സെഷനുകൾനടന്നു.



# വിഭജനത്തിന്റെ ശേഷിപ്പ്; ജനതയുടെ പരിച്ഛേദമായി പഞ്ചേരി ആർട്ടിസ്റ്റ് യൂണിയൻ

**കൊച്ചി:** ഒരു ജീവതകാലത്ത് തന്നെ നാല് ദേശീയഗാനങ്ങൾ പാടിയവരാണ് പശ്ചിമബംഗാളിലെ ഹാബ്രയിലെ 75 വയസുകഴിഞ്ഞവർ. വിഭജനത്തിനു ശേഷവും പലവട്ടം ജീവിതങ്ങൾ വിഭജിക്കപ്പെട്ട് പോകുന്നത് കണ്ടു നിൽക്കേണ്ടി വന്ന സ്വന്തം സമൂഹത്തിന്റെ കഥയാണ് കൊച്ചിമുസിരിസ് ബിനാലെ ആറാം ലക്കത്തിൽ പഞ്ചേരി ആർട്ടിസ്റ്റ് യൂണിയൻ ഒരുക്കിയിരിക്കുന്ന കലാസൃഷ്ടികൾ. ബ്രിട്ടീഷ് ഇന്ത്യയിലും കിഴക്കൻ പാക്കിസ്ഥാനിലും സ്വതന്ത്ര ഇന്ത്യയിലും ബംഗ്ലാദേശിലുമായി ഇവരുടെ ജീവിതം ചാഞ്ചാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. കൊച്ചി ബിനാലെയുടെ വേദികളിലൊന്നായ ആസ്പിൻവാൾ ഹൗസിലെ കയർ ഗോഡൗണിലാണ് പഞ്ചേരി ആർട്ടിസ്റ്റ് യൂണിയന്റെ കലാസൃഷ്ടികൾ പ്രദർശിപ്പിച്ചിരിക്കുന്നത്. പശ്ചിമബംഗാളിലെ ബനിപൂരിൽ ആരംഭിച്ച ഈ കലാകൂട്ടായ്മയിൽ 14 കലാകാരന്മാരാണുള്ളത്. ദൃശ്യകല, ഡിസൈൻ, സാഹിത്യം, സിനിമ, ഫോട്ടോഗ്രഫി, സംഗീതം തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ളവരാണ് ഈ കൂട്ടായ്മയിലുള്ളത്.

ചണമാണ് കലാസൃഷ്ടികളുടെ പ്രധാന അസംസ്കൃതവസ്തു. ഇതിന് തക്കതായ കാരണമുണ്ടെന്നാണ് കൂട്ടായ്മയിലെ അംഗമായ ഭാസ്കർ ഹസാരിക പറയുന്നത്. നൂറ്റാണ്ടുകളായി ചണം കൃഷിയായിരുന്നു ഇന്നാട്ടുകാരുടെ പ്രധാന വരുമാന സ്രോതസ്സ്. വ്യവസായവത്കരണത്തിന്റെ ഭാഗമായി ആദ്യം ബ്രിട്ടീഷുകാരും പിന്നീട് ആധുനിക ഉത്പന്നങ്ങൾ വിപണിയിലേക്കെത്തിയപ്പോൾ ആഗോളവത്കരണവും ചണ വ്യവസായത്തെ തകർത്തുവെന്നാണ് ഇവരുടെ പക്ഷം.

വിഭജനത്തിനു ശേഷം കിഴക്കൻ പാക്കിസ്ഥാനിലായിരുന്ന ഈ ജനത 1971ലെ ബംഗ്ലാദേശിന്റെ പിറവിയ്ക്ക് മുമ്പുണ്ടായ അക്രമങ്ങളിൽ നിന്ന് പലായനം ചെയ്ത് ഇവിടെ എത്തിയവരാണ്. കലാസൃഷ്ടികളിൽ ഈ ജീവിതകഷ്ടതകൾ ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് ഭാസ്കർ പറഞ്ഞു. വലകളുടെ കള്ളികളാണ് കലാസൃഷ്ടികളിൽ ഏറെയുമുള്ളത്. സ്ഥിരതയില്ലാത്ത ജീവിതത്തെ ഇത് പ്രതിനിധീകരിക്കുന്നു. തിളക്കമുള്ള ഉടയാടകൾ ബ്രാഹ്മണ മേധാവിത്തത്തിനെതിരായ അസമിലെ ജനങ്ങളുടെ പ്രതിരോധമായ ഹിന്ദു അനുഷ്ഠാന കലയുടെ ഭാഗമാണ്. അടിച്ചമർത്തപ്പെട്ട ജാതിയിലുള്ളവർ തങ്ങൾക്കും തിളക്കം ചേരും എന്ന സാംസ്ക്കാരികമായ പ്രതിരോധമാണ് ഇതിലൂടെ മുന്നോട്ടു വയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഓരോ കലാകാരനും,കലാകാരിയും അവരവരുടെ ജീവിതാനുഭവങ്ങളിൽ നിന്നുള്ള ഏടുകളാണ് കലാസൃഷ്ടിയാക്കി മാറ്റിയത്. അടുത്ത മൂന്നു മാസവും പഞ്ചേരി യൂണിയൻ ബിനാലെയ്ക്കൊപ്പമുണ്ടാകും. കലാപ്രദർശനത്തിനു പുറമെ വീഡിയോ, പ്രകടന കല, അവതരണങ്ങൾ തുടങ്ങിയവ കൊണ്ട് തങ്ങൾ മുന്നോട്ടു വയ്ക്കുന്ന സന്ദേശം കലാസ്വാദകരിലേക്കും അതുവഴി പൊതുസമൂഹത്തിലേക്കുമെത്തിക്കുക എന്നതാണ് ഇവരുടെ ഉദ്ദേശ്യം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മാരിടൈം അക്കാദമി ഉദ്ഘാടനം ചെയ്തു



**സി.എം.സി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ പുതിയ പരിശീലന ക്യാമ്പസായ സി.എം.സി മാരിടൈം അക്കാദമിയുടെ ഉദ്ഘാടനം ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് ശ്യാം ജഗന്നാഥൻ ഐഎഎസ് നിർവ്വഹിക്കുന്നു. എസ്. ഐ നാഥൻ, സതീഷ് ഹൊന്നക്കട്ടെ തുടങ്ങിയവർ സമീപം**

**കൊച്ചി:** സി.എം.സി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ പുതിയ പരിശീലന ക്യാമ്പസായ സി.എം.സി മാരിടൈം അക്കാദമി കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു. വിലിംങ്ടൺ ഐലൻഡിലെ മർച്ചന്റ് നേവി ക്ലബ്ബിൽ നടന്ന ചടങ്ങിൽ, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് ശ്യാം ജഗന്നാഥൻ ഐഎഎസ് അക്കാദമിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സുരക്ഷാ സംസ്ക്കാരം വളർത്തിയെടുക്കാൻ യുവനാവികർ മുൻഗണന നൽകണമെന്ന് ശ്യാം ജഗന്നാഥൻ പറഞ്ഞു. സുരക്ഷ കേവലം നിയമം മാത്രമല്ല മറിച്ച് ദിവസേന ജീവിതത്തിൽ പിന്തുടരേണ്ട സംസ്ക്കാരമാണെന്നും അദ്ദേഹം വ്യക്തമാക്കി. കൊച്ചിൻ പോർട്ട് ഡെപ്യൂട്ടി ചെയർപേഴ്സൺ സതീഷ് ഹൊന്നക്കട്ടെ, മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ ഓഫിസർ ജെ. സെന്തിൽകുമാർ, സിഎംസി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ചെയർമാൻ എസ്. ഐ നാഥൻ, സി.എം.സി അക്കാഡമി പ്രിൻസിപ്പാൾ ക്യാപ്റ്റൻ അജിത് കുമാർ പിള്ള തുടങ്ങിയവർ സംസാരിച്ചു.



# എസ്.ബി.ഐ യോനോ 2.0 അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ) ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ പുതിയ പതിപ്പായ യോനോ 2.0 അവതരിപ്പിച്ചു. മൊബൈൽ ബാങ്കിംഗും നെറ്റ് ബാങ്കിംഗും ഉൾക്കൊള്ളുന്ന ഈ പുതിയ പ്ലാറ്റ്ഫോം കഴിഞ്ഞ എട്ട് വർഷങ്ങളായുള്ള യോനോയുടെ മാറ്റങ്ങൾക്ക് പുതു ഊർജം പകരുകയും 50 കോടിയിലധികം വരുന്ന ഉപഭോക്താക്ക് മികച്ച സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യും. ഒരൊറ്റ ഇന്റർഫേസിൽ മൊബൈൽ ബാങ്കിംഗും ഇന്റർനെറ്റ് ബാങ്കിംഗും ഉറപ്പാക്കുന്നതിലൂടെ രണ്ട് തരത്തിലുള്ള ഇടപാടുകൾ ഒരൊറ്റ ആപ്പിൽ സാധ്യമാക്കുകയാണ് യോനോ 2.0. ഒരു മൊബൈൽ ആപ്പിനപ്പുറമായി ഒരു സമഗ്ര ഡിജിറ്റൽ ബാങ്കിംഗ് ഇക്കോസിസ്റ്റമാണ് ഇതിലൂടെ എസ്.ബി.ഐ ലക്ഷ്യമിടുന്നത്.

നിലവിൽ ഇംഗ്ലീഷിലും ഹിന്ദിയിലും ലഭിക്കുന്ന പുതിയ യോനോ ആപ്പ് ഉടൻ തന്നെ 15 ഭാഷകളിലേക്ക് കൂടി വിപുലീകരിക്കും. ഇതിലൂടെ എല്ലാവർക്കും ലളിതമായ ബാങ്കിംഗ് ഉറപ്പാക്കാനാകും. കെവൈസി, റീകെവൈസി നടപടികൾ ലളിതമാക്കണമെന്ന എസ്ബിഐ ചെയർമാൻ സി.എസ്. ഷെട്ടിയുടെ കാഴ്ച്ചപ്പാടിന് അനുസൃതമായി ആവർത്തിച്ചുള്ള വെരിഫിക്കേഷനുകൾ ഒഴിവാക്കുന്ന തരത്തിലാണ് ഇതിന്റെ രൂപകൽപ്പന. കൂടാതെ ഇനി മുതൽ ഇന്റർനെറ്റ് ബാങ്കിംഗ് സേവനം ഇല്ലാതെ തന്നെ മൊബൈൽ ബാങ്കിംഗ് സാധ്യമാകും. സൈബർ തട്ടിപ്പുകളിൽ നിന്നും സുരക്ഷ ഉറപ്പാക്കുന്നതിനായി ഉപഭോക്താവിന്റെ എല്ലാ അക്കൗണ്ടുകൾക്കും ഇലക്ട്രോണിക് ലോക്ക് സംവിധാനമായ സെക്വർ ലോക്കും പുതിയ യോനോ ആപ്പിലുണ്ട്. ഇതിന് പുറമെ ഓരോ ഘട്ടത്തിലും സുരക്ഷ ഉറപ്പാക്കുന്ന ഡെവലപ്മെന്റ്, സെക്യൂരിറ്റി, ഓപ്പറേഷൻസ് സമീപനവും കേന്ദ്രീകൃത ഓതന്റിഫിക്കേഷനും ഇതിലുണ്ട്.

# പ്രതിദിന എസ്ഐപി അവതരിപ്പിച്ച് ഫോൺപേ വെൽത്ത്

**കൊച്ചി:** ദിവസം 10 രൂപ മുതൽ നിക്ഷേപം ആരംഭിക്കാം ഇക്വിറ്റി, മൾട്ടിഅസറ്റ്, ഗോൾഡ് ഫണ്ടുകൾ തുടങ്ങിയ വിഭാഗങ്ങളിൽ നിക്ഷേപിക്കാം മ്യൂചൽ ഫണ്ടുകളിൽ പ്രതിദിന എസ്.ഐ.പി (സിസ്റ്റമാറ്റിക്ക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ) ആരംഭിക്കാനുള്ള സൗകര്യം ഫോൺപേ വെൽത്ത് ബ്രോക്കിംഗ് പ്രൈവറ്റ് ലിമിറ്റഡ് (ഫോൺപേ വെൽത്ത്) പ്രഖ്യാപിച്ചു. ഇതിലൂടെ ഉപയോക്താക്കൾക്ക് ഫോൺപേ ആപ്പ് വഴി ദിവസേന വെറും 10 രൂപ മുതൽ മ്യൂചൽ ഫണ്ടുകളിൽ നിക്ഷേപിക്കാൻ സാധിക്കുമെന്ന കമ്പനി അധികൃതർ വ്യക്തമാക്കി. തങ്ങളുടെ ദൈനംദിന സമ്പാദ്യം അനായാസമായി നിക്ഷേപങ്ങളാക്കി മാറ്റാനും കാലക്രമേണ മികച്ച സാമ്പത്തിക നേട്ടം കൈവരിക്കാനും ഇത് നിക്ഷേപകരെ സഹായിക്കുമെന്നും കമ്പനി അവകാശപ്പെട്ടു. ഇന്ത്യയിലെ മ്യൂചൽ ഫണ്ട് വ്യവസായം, പ്രത്യേകിച്ച് എസ്ഐപികൾ വലിയ വളർച്ചയാണ് നേടുന്നത്. അസോസിയേഷൻ ഓഫ് മ്യൂച്ചൽ ഫണ്ട്സ് ഓഫ് ഇന്ത്യയുടെ കണക്കുകൾ പ്രകാരം, 2025 ഒക്ടോബറിൽ പ്രതിമാസ എസ്.ഐ.പി നിക്ഷേപം 29,000 കോടി രൂപ കവിഞ്ഞു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 30 ശതമാനത്തിലധികം വാർഷിക വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2025 ഒക്ടോബറിലെ കണക്കനുസരിച്ച് 9.45 കോടി എസ്.ഐ.പി അക്കൗണ്ടുകൾ നിലവിലുണ്ട് എന്നത് ഈ വളർച്ചയെ സൂചിപ്പിക്കുന്നു.

## ക്രോമാസ്റ്റിക് ഡിസംബർ ഓഫറുകളുമായി ക്രോമ

**കൊച്ചി:** ടാറ്റാ ഗ്രൂപ്പിൽ നിന്നുള്ള ഇന്ത്യയിലെ മുൻനിര ഇലക്ട്രോണിക്സ് റീട്ടെയിലറായ ക്രോമ 'ക്രോമാസ്റ്റിക് ഡിസംബർ ഓഫറുകൾ' പ്രഖ്യാപിച്ചു.,ജനുവരി 4 വരെ നടക്കുന്ന ഈ സെയിലിൽ ഇലക്ട്രോണിക്സിലും ഗൃഹോപകരണങ്ങളിലും ഈ വർഷത്തെ ഏറ്റവും മികച്ച ഓഫറുകളാണ് ക്രോമ സ്റ്റോറുകളിൽ ലഭ്യമാക്കുന്നത്. സ്മാർട്ട്ഫോൺ വിഭാഗത്തിൽ 40,990 രൂപ മുതൽ ഐഫോൺ 16, 36,490 രൂപ മുതൽ ഐഫോൺ 15 എന്നിവ ലഭിക്കും. ഈ ഫോണുകൾ യഥാക്രമം 1833, 1604 രൂപ എന്നിങ്ങനെ പ്രതിമാസ തവണയിലും ലഭിക്കും. 69,999 രൂപ മുതൽ സാംസങ് എസ്25 വില ആരംഭിക്കുന്നു. 3,361 രൂപ പ്രതിമാസ തവണയിലും ലഭിക്കും. ലാപ്ടോപ്പുകളുടെ വിഭാഗത്തിൽ 55,911 രൂപ മുതൽ മാക്ബുക്ക് എയർ എം4 വില ആരംഭിക്കുന്നു. 2,746 രൂപ പ്രതിമാസ തവണയിലും ലഭിക്കും. 47,710 രൂപയാണ് നെക്സ്റ്റ് ജെൻ എഐ പിസി വില. പ്രതിമാസ തവണ 2,071 രൂപ. 29,350 രൂപ മുതൽ എൽജി ഫ്രണ്ട് ലോഡ് 7 കിലോ വാഷിംഗ് മെഷീൻ വില ആരംഭിക്കുന്നു. വോൾട്ടാസ് 1.5 ടൺ 3 സ്റ്റാർ ഇൻവെർട്ടർ എസി വില 29,019 രൂപയാണ്. രണ്ട് ഉത്പന്നങ്ങളും പ്രതിമാസ തവണയിലും വാങ്ങാനാകും. കാഷ്ബാക്ക് ആനുകൂല്യങ്ങൾ, പങ്കാളിത്ത ബാങ്കുകൾ നല്കുന്ന ഇളവുകൾ, പഴയ ഉത്പന്നത്തിന്റെ എക്സ്ചേഞ്ച് മൂല്യം തുടങ്ങിയവയുടെ അടിസ്ഥാനത്തിലായിരിക്കും ആനുകൂല്യങ്ങൾ. ക്രോമാസ്റ്റിക് ഡിസംബർ സെയിലിലൂടെ, ഈ വർഷം അവസാനിക്കുന്നതിനുമുമ്പ് ഉപഭോക്താക്കൾക്ക് മൂല്യാധിഷ്ഠിതമായി ഉൽപ്പന്നങ്ങൾ വാങ്ങാൻ കഴിയുന്ന മികച്ച വിലക്കുറവുകളും, ബാങ്ക് ഓഫറുകളും, ഇഎംഐ ആനുകൂല്യങ്ങളും ക്രോമ ഒരുക്കിയിട്ടുണ്ട്. ക്രോമാസ്റ്റിക് ഡിസംബർ ഓഫരുകൾ എല്ലാ ക്രോമ സ്റ്റോറുകളിലും ലഭ്യമാണ്.

# ക്യാഷ് ബാക്കുമായി ഭീമിന്റെ ഗർവ് സേ സ്വദേശി ക്യാമ്പയിൻ




**കൊച്ചി:** പുതിയ ഉപഭോക്താക്കളെ ആകർഷിക്കാനായി ഭീം പെയ്മെന്റ് ആപ്പ് ഗർവ് സേ സ്വദേശി ക്യാമ്പയിനു തുടക്കം കുറിച്ചു. പുതിയ ഉപഭോക്താക്കൾ ഇരുപതു രൂപയോ അതിൽ കൂടുതലോ കൈമാറ്റം ചെയ്യുമ്പോൾ ഇരുപതു രൂപ ക്യാഷ് ബാക്ക് നൽകുന്നതാണ് ഭീം പത്താം വാർഷികത്തിലേക്കു കടക്കുമ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ഈ ആനുകൂല്യം. മെയ്ഡ് ഇൻ ഇന്ത്യ പ്ലാറ്റ്ഫോമിൽ നിർമിച്ചിരിക്കുന്ന ഭീം ഇന്ത്യക്കാരുടെ ദൈനംദിന പെയ്മെന്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാവുന്ന വിധത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നതെന്ന് എൻബിഎസ്എൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ ലളിത നടരാജ് പറഞ്ഞു. ഇന്ത്യക്കാർ പണം ഉപയോഗിക്കുന്നതിന് അനുസൃതമായ രീതയിൽ രൂപകൽപന ചെയ്തിരിക്കുന്ന ഇത് ചെറിയ തുകകളുടെ ഇടപാടുകൾ മുതൽ വീട്ടു ചെലവുകൾ പങ്കു വെക്കുന്നത് വരെയുള്ള വിവിധങ്ങളായ സൗകര്യങ്ങളാണ് നൽകുന്നത്. സ്വാശ്രയത്വത്തോടും ആത്മവിശ്വാസത്തോടും കൂടിയ ഡിജിറ്റൽ ഇന്ത്യയേയാണ് ഭീം പ്രതിനിധീകരിക്കുന്നതെന്നും ലളിത നടരാജ് പറഞ്ഞു. പുതിയ ഉപഭോക്താക്കളെ ഡിജിറ്റൽ ഇടപാടുകളിലേക്ക് ആകർഷിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ക്യാമ്പയിന്റെ ഭാഗമായുള്ള ആനുകൂല്യങ്ങളിലൂടെ ഉപഭോക്താക്കൾക്ക് ഒരു മാസം 300 രൂപ വരെ ക്യാഷ്ബാക്ക് നേടാനാവും.

# ടെക്നോളജി ജ്വല്ലറി അവതരിപ്പിച്ച് കീർത്തിലാൽസ്

**കൊച്ചി :** കൊച്ചി എംജി റോഡിലെ ഷോറൂമിൽ പ്രമുഖ ഡയമണ്ട് ആഭരണ ബ്രാൻഡായ കീർത്തിലാൽസ് ആധുനിക ഡിസൈനുകളും കൃത്യതയാർന്ന എൻജിനീയറിംഗും ഒരുമിക്കുന്ന ''ടെക്നോളജി ജ്വല്ലറി' ശേഖരം അവതരിപ്പിച്ചു. നെക് ലേസിനെ വളയായും ഡയമണ്ട് ബെൽറ്റ് റിംഗായും ബ്രേസ് ലെറ്റിനെ ഇയർ റിംഗായും നെക് ലേസായും മറ്റും ആഭരണത്തെ ഉപയോക്താക്കൾക്കു തന്നെ പല തരത്തിൽ ഉപയോഗിക്കാവുന്ന വിവിധോദ്ദേശ ജ്വല്ലറിയാണ് ടെക്നോളജി ശേഖരം. ഇതോടൊപ്പം, കീർത്തിലാൽസിന്റെ തനത് നിർമാണ മികവും കരവിരുതും പ്രതിഫലിപ്പിക്കുന്ന സിഗ്നേച്ചർ ലൗഞ്ചും തുറന്നിട്ടുണ്ട്. ഡയമണ്ട് ആഭരണങ്ങൾ തെരഞ്ഞെടുക്കുന്നത് ഉപഭോക്താക്കൾക്ക് മികച്ച അനുഭവമാക്കി മാറ്റുന്ന രീതിയിലാണ് സിഗ്നേച്ചർ ലൗഞ്ച് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അപൂർവ്വ രത്നങ്ങൾ ഉപയോഗിച്ച് മികച്ച കരവിരുതോടെ നിർമിക്കപ്പെടുന്ന 'സിംഗിൾ എഡിഷൻ' ആഭരണങ്ങളുടെ പ്രദർശനവും ലൗഞ്ചിൽ ഒരുക്കിയിട്ടുണ്ട്. ഒറ്റത്തവണ മാത്രം നിർമിക്കുന്ന ആഗോള നിലവാരത്തിലുള്ള ആഭരണങ്ങളാണ് ലൗഞ്ചിലുണ്ടാവുകയെന്ന് കീർത്തിലാൽസ് എ.വി.പി ആർ.രഘുനാഥ് പറഞ്ഞു.

# കേരള സ്റ്റാർട്ടപ്പ് മിഷൻ ജർമനിയുമായി കൈകോർക്കുന്നു

**തിരുവനന്തപുരം:** ഡീപ്‌ടെക് സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) ജർമനിയിലെ ബാഡൻവുട്ടംബർഗിലെ നെക്‌സ്റ്റ്‌ജെൻ സ്റ്റാർട്ടപ്പ് ഫാക്ടറിയുമായി കോവളത്ത് നടന്ന ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഫെസ്റ്റിവലായ ഹഡിൽ ഗ്ലോബൽ 2025ൽ ധാരണാപത്രം ഒപ്പിട്ടു.

ദ് കേരള ഫ്യൂച്ചർ ഫോറം എന്ന പരിപാടിയിൽ വച്ചാണ് കെഎസ്‌യുഎം സിഇഒ അനൂപ് അംബികയും ജർമനിയിലെ കാൾസ്രൂഹ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മേധാവി തോമസ് ന്യൂമാനും കരാർ ഒപ്പിട്ടത്.ജർമനിയിലെ അഞ്ചു പ്രമുഖ സർവകലാശാലകൾ ചേർന്നുള്ള കൂട്ടായ്മയാണ് നെക്‌സ്റ്റ്‌ജെൻ സ്റ്റാർട്ടപ്പ് ഫാക്ടറി. ഒരു ബില്യൺ യൂറോയ്ക്കു മുകളിൽ മൂല്യമുള്ള വെഞ്ചർ കാപ്പിറ്റൽ ഫണ്ടും ഇവർക്കുണ്ട്. ഈ സഹകരണത്തിലൂടെ ജർമനിയിലും കേരളത്തിലുമായി ഏകദേശം 300 സ്റ്റാർട്ടപ്പുകൾ ഘട്ടംഘട്ടമായി വികസിപ്പിക്കുകയാണ് ലക്ഷ്യം. ഡീപ്‌ടെക് സ്റ്റാർട്ടപ്പുകൾക്ക് ഫണ്ടിംഗ് ഉൾപ്പെടെയുള്ള വിവിധ പിന്തുണകൾ ഈ സഹകരണത്തിലൂടെ ലഭ്യമാകും.

സർക്കാരിന്റെയും കേരളത്തിലെയും ജർമനിയിലെയും സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന്റെയും പങ്കാളിത്തത്തോടെ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ച് പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകും.കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് കഴിവുള്ളവരെ കണ്ടെത്തി സുസ്ഥിരമായ പ്രതിഭാ ശൃംഖല രൂപപ്പെടുത്തുക എന്നതാണ് ഈ സഹകരണത്തിന്റെ പ്രധാന സവിശേഷത. ഇത് കേരളത്തിന്റെ വ്യവസായ രംഗത്ത് പുതിയ മാറ്റങ്ങൾ കൊണ്ടുവരുകയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.




# 4വീൽ ഡ്രൈവ് ട്രാക്ടർ ഡിമാൻഡ് നേരിടാൻ തയ്യാറെടുത്ത് മഹീന്ദ്ര

**കൊച്ചി:** ഇന്ത്യയിലെ നമ്പർ വൺ ട്രാക്ടർ ബ്രാൻഡായ മഹീന്ദ്ര ട്രാക്ടേഴ്സ് കമ്പനിയുടെ 4വീൽ ഡ്രൈവ് (4ഡബ്ല്യുഡി) ട്രാക്ടറുകൾക്കായുള്ള വർധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ ഒരുങ്ങുന്നു. തെലങ്കാന, മധ്യപ്രദേശ്, ഗുജറാത്ത്, പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, പശ്ചിമ ബംഗാൾ എന്നിവ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കാർഷിക,ചരക്ക് നീക്കവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വർധിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ കൂടുതൽ ശക്തിയും ഉൽപ്പാദനക്ഷമതയും ലഭ്യമാക്കുന്നതിനായി കർഷകർ 4ഡബ്ല്യുഡി ട്രാക്ടറുകൾ തിരഞ്ഞെടുക്കുകയാണ്. മികച്ച പ്രവർത്തന നിയന്ത്രണം, വേഗത്തിലുള്ള തിരിയൽ, 23 ടൺ വരെ ഭാരമുള്ള ജോലികൾ ചെയ്യാനുള്ള കഴിവ്, ഓപ്പറേറ്ററുടെ ജോലി കുറയ്ക്കൽ എന്നിവ ഉറപ്പാക്കുന്നതാണ് മഹീന്ദ്ര 4വീൽ ഡ്രൈവ് ട്രാക്ടറുകൾ. സർക്കാർ സബ്സിഡികളും 4വീൽ ഡ്രൈവ് മോഡലുകളിലേക്ക് മാറാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. 20 എച്ച്പി മുതൽ 70 എച്ച്പി വരെയുള്ള ശ്രേണിയിൽ അർജുൻ, നോവോ, യുവോടെക്+, ജീവോ, ഓജ തുടങ്ങിയ ജനപ്രിയ ട്രാക്ടർ സീരീസുകളിൽ മഹീന്ദ്ര 4വീൽ ഡ്രൈവ് ട്രാക്ടറുകൾ ലഭ്യമാണ്. കൃഷിയിലും ചരക്ക് നീക്കത്തിലും സമാനതകളില്ലാത്ത ഈടും പ്രകടനവും ഉറപ്പാക്കുന്നതാണ് ഈ ട്രാക്ടറുകൾ.

രാജ്യത്തെ കൃഷിയിടങ്ങൾക്ക് അനുയോജ്യമായ രീതിയിൽ രൂപകൽപന ചെയ്ത് ഇന്ത്യയിൽ വികസിപ്പിച്ചെടുത്ത ഈ ട്രാക്ടറുകൾക്ക് ശക്തമായ ആക്സിലുകൾ, വലിയ ടയറുകൾ, ഉയർന്ന ഗ്രൗണ്ട് ക്ലിയറൻസ് എന്നിവയുണ്ട്. എഞ്ചിൻ പവർ നാല് ചക്രങ്ങളിലേക്കും കൈമാറുന്നതിനാൽ, ഈർപ്പമുള്ളതും കുത്തനെയുള്ളതുമായ ഭൂപ്രദേശങ്ങളിലും മികച്ച ട്രാക്ഷൻ (ഗ്രിപ്പ്)ലഭിക്കുന്നു. ലോകോത്തര എഞ്ചിൻ സാങ്കേതികവിദ്യ, മികച്ച ഇന്ധനക്ഷമത, ടയറുകളുടെ തേയ്മാനം കുറയ്ക്കൽ എന്നിവയിലൂടെ ഏറ്റവും കുറഞ്ഞ പരിപാലന ച്ചെലവും മഹീന്ദ്ര 4വീൽ ഡ്രൈവ് ട്രാക്ടറുകൾ ഉറപ്പാക്കുന്നു. മഹീന്ദ്രയുടെ വിപുലമായ ഡീലർ ശൃംഖലയിലൂടെ എളുപ്പത്തിലുള്ള ഫൈനാൻസിങ് ഓപ്ഷനുകൾ വഴി ഉപഭോക്താക്കൾക്ക് 4വീൽ ഡ്രൈവ് ട്രാക്ടറുകൾ വാങ്ങാനാവും. വിൽപന, സർവീസ്, സ്പെയറുകൾ എന്നിവയ്ക്കായി വിപുലമായ ശൃംഖലയും ആഴ്ച്ചയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പറും (1800 2100 700) മഹീന്ദ്ര ഉറപ്പാക്കുന്നു. ഗുണനിലവാരത്തിന് ഡെമിങ് അവാർഡും ജാപ്പനീസ് ക്വാളിറ്റി മെഡലും ലഭിച്ച ഏക ട്രാക്ടർ നിർമാതാക്കളാണ് മഹീന്ദ്ര ട്രാക്ടേഴ്സ്. 2024 മാർച്ചിൽ ആഗോളതലത്തിൽ 4 ദശലക്ഷം ട്രാക്ടറുകൾ വിറ്റഴിച്ച ആദ്യത്തെ ഇന്ത്യൻ കമ്പനിയെന്ന നേട്ടവും മഹീന്ദ്ര ട്രാക്ടേഴ്സ് അടുത്തിടെ സ്വന്തമാക്കിയിരുന്നു.



# ജെ.വി.കെ മോട്ടോഴ്സ് ഷോറൂം വൈറ്റിലയിൽ

**കൊച്ചി:** ബഹ്റൈൻ ആസ്ഥാനമായ വി.കെ.എൽ ഗ്രൂപ്പിന്റെ ഇന്ത്യയിലെ ഔദ്യോഗിക പ്രവേശനമായി ജെ.വി.കെ മോട്ടോഴ്സ് ഷോറൂമിന്റെ ഉദ്ഘാടനം വൈറ്റിലയിൽ നടന്നു. ബഹ്റൈനിലെ പ്രമുഖ വ്യവസായ ഗ്രൂപ്പുകളിലൊന്നായ വി.കെ.എൽ ഗ്രൂപ്പിന്റെ ചെയർമാൻ ഡോ. വർഗീസ് കുര്യന്റെ നേതൃത്വത്തിലാണ് ഇന്ത്യയിൽ ജെ വി കെ മോട്ടോഴ്സ് ആരംഭിക്കുന്നത്. ഷോറൂം ഉദ്ഘാടനം മന്ത്രി പി. രാജീവ് നിർവഹിച്ചു. വി.കെ.എൽ ഗ്രൂപ്പ് ചെയർമാൻ ഡോ. വർഗീസ് കുര്യൻ, സിനിമാതാരം ബൈജു സന്തോഷ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. വിവിധ മേഖലകളിലെ പ്രമുഖർ, വ്യവസായ പ്രതിനിധികൾ, തുടങ്ങിയവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് അംഗപരിമിതരായ അഞ്ചുപേർക്ക് ജെവികെ മോട്ടോഴ്സിന്റെ ആൽഫാ എക്സ് എൽ ഇലക്ട്രിക് മുച്ചക്രവാഹനം സമ്മാനിച്ചു

# ടൂലിപ് വസന്തം സന്ദർശിക്കാൻ സാന്റാ മോണിക്ക

**കൊച്ചി:** ടൂലിപ് പൂക്കളുടെ വർണാഭമായ സൗന്ദര്യത്തോടെ വസന്തകാലത്തെ വരവേൽക്കാൻ മാർച്ച് 27 മുതൽ ഏപ്രിൽ 10 വരെ തുടർച്ചയായ 15 ദിവസങ്ങളിലായി കൊച്ചിയിൽനിന്ന് കാഷ്മീരിലേക്ക് ഗ്രൂപ്പ് ടൂറുകൾ സംഘടിപ്പിക്കുകയാണ് സാന്റാ മോണിക്ക മോണിക്ക ടൂർസ് ആൻഡ് ട്രാവൽസ്.

സമുദ്രനിരപ്പിൽനിന്ന് ഏകദേശം 1800 മീറ്റർ ഉയരത്തിൽ 74 ഏക്കർ വിസ്തീർണമുള്ള ഈ ഉദ്യാനത്തിൽ, പല വർണങ്ങളിലായി ഏകദേശം 17 ലക്ഷത്തോളം ട്യൂലിപ് ചെടികൾ വളരുന്നു. ഓറഞ്ച്, മഞ്ഞ, ആപ്രിക്കോട്ട്, വയലറ്റ്, ചുവപ്പ്, വെള്ള തുടങ്ങിയ നിറങ്ങളിൽ വിരിയുന്ന ടൂലിപ് പൂക്കളുടെ മനോഹാരിത ആസ്വദിക്കാൻ നിരവധി സന്ദർശകരാണ് ഓരോ വർഷവും ഇവിടെ എത്തുന്നത്.

അഞ്ച് രാത്രിയും ആറ് പകലും നീളുന്ന മാസ്മരിക കാഷ്മീർ യാത്രയിൽ ടൂലിപ് ഗാർഡൻ സന്ദർശനത്തോടൊപ്പം പ്രകൃതി സൗന്ദര്യം വിളിച്ചുപറയുന്ന സോൻമാർഗ്, പഹൽഗാം, ഗുൽമാർഗിലെ ഗൊണ്ടോള കേബിൾ കാർ റൈഡ്, ദാൽ തടാകത്തിലെ ശിക്കാര റൈഡ് എന്നിവയും അനുഭവിച്ചറിയാം. ഫോൺ:
04842846 999 / 8304 000 999.

# കോൺട്രാക്ടറെ ആദരിച്ച് അംബുജ സിമന്റ്സ്

**കൊച്ചി:** സർക്കാർ ജോലി ഉപേക്ഷിച്ച് തന്റെ ഇഷ്ട മേഖലയായ കെട്ടിട നിർമാണ മേഖലയിലെത്തി തന്റേതായ ഇടം പടുത്തുയർത്തിയ കോൺട്രാകറെ ആദരിച്ച് അംബുജ സിമന്റ്സ്. പ്ലാൻആർട്സ് ഉടമയും എറണാകുളം സ്വദേശിയുമായ അബ്ദുൽ നിസാറാണ് കഴിഞ്ഞ 25 വർഷക്കാലമായി അംബുജ സിമന്റ്സിന്റെ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് നിർമാണ മേഖലയിൽ പ്രവർത്തിക്കുന്നത്. വീടുകൾ വെറും കെട്ടിടങ്ങളല്ല മറിച്ച് അവിടെ താമസിക്കുന്നവരുടെ ജീവിതത്തെ പ്രതിഫലിപ്പിക്കണമെന്ന വിശ്വാസത്തോടെയാണ് അബ്ദുൽ നിസാർ 'പ്ലാൻആർട്സ്' എന്ന സ്ഥാപനം ആരംഭിച്ചത്.

എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, മേസ്തിരിമാർ, തൊഴിലാളികൾ എന്നിവരുൾപ്പടെ നിലവിൽ 35 പേരടങ്ങുന്ന ടീമാണ് അബ്ദുൽ നിസാറിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത്.



# ആസ്റ്റർ മെഡ്സിറ്റി ബിഫസ്റ്റ് വാർഷികം ആഘോഷിച്ചു

**കൊച്ചി:** പ്രാഥമിക ജീവൻ രക്ഷ പരിശീലനം ഉറപ്പാക്കുന്ന ആസ്റ്റർ മെഡ്സിറ്റിയുടെ കമ്മ്യൂണിറ്റി സംരംഭം 'ബിഫസ്റ്റ്'ന്റെ മൂന്നാം വാർഷികം സെന്റ് ആൽബർട്ട്സ് കോളേജിൽ (ഓട്ടോണമസ്) ആഘോഷിച്ചു. 3,000 വിദ്യാർത്ഥികൾക്ക് പ്രാഥമിക ജീവൻ രക്ഷ(ബിഎൽഎസ്) പരിശീലനം ഇതിന്റെ ഭാഗമായി ഉറപ്പാക്കും. ആദ്യ ഘട്ടത്തിൽ 300 വിദ്യാർത്ഥികളുടെ പരിശീലന ബാച്ചിന് വാർഷിക വേളയിൽ ആരംഭം കുറിച്ചു. ആശുപത്രിയിൽ എത്തിക്കുന്നതിനുമുമ്പ് സംഭവിക്കുന്ന മരണങ്ങൾ ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2022 ഓഗസ്റ്റിൽ ആസ്റ്റർ എമർജൻസി മെഡിസിനിലൂടെ സ്ഥാപിതമായ ബീഫസ്റ്റ്, ആത്മവിശ്വാസത്തോടെയും കൃത്യതയോടെയും മെഡിക്കൽ അത്യാഹിതങ്ങൾ കൈകാര്യം ചെയ്യാൻ വ്യക്തികളെ സജ്ജരാക്കുന്ന സംരംഭമാണ്. ഇതിനകം 700ലധികം സെഷനുകൾ നടത്തി സംസ്ഥാനത്തുടനീളം വിദ്യാർത്ഥികൾ, മോട്ടോർ വാഹന വകുപ്പ്, കമ്മ്യൂണിറ്റി സംഘടനകൾ, റോട്ടറി, ലയൺസ് ക്ലബ് അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, എൻസിസി കേഡറ്റുകൾ, പോലീസ് ഉദ്യോഗസ്ഥർ, കോർപ്പറേറ്റ് പ്രൊഫഷണലുകൾ എന്നിവരുൾപ്പെടെ 60,000ത്തിലധികം ആളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഫസ്റ്റ് എയ്ഡ്, ബി.എൽ.എസ്, എ.സി.എൽ.എസ്, പി.എ.എൽ.എസ് എന്നിവ ഉൾക്കൊള്ളുന്ന വർക്ക്ഷോപ്പുകളും ഫസ്റ്റ് എയ്ഡ്, ട്രോമ അവബോധ റോഡ് ഷോയായ 'ജീവിതം' തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. സെന്റ് ആൽബർട്ട്സ് കോളേജ് വൈസ് ചെയർമാനും രജിസ്ട്രാറുമായ റവ. ഫാ. ഷൈൻ പോളി കളത്തിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ, എറണാകുളം ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്)യിലെ ബിജു ഐസക് ഉദ്ഘാടന ചെയ്തു. ഡോ. ഷുഹൈബ് കാദർ (സിഒഒ, ആസ്റ്റർ മെഡ്സിറ്റി), ഡോ. ജോസഫ് ജസ്റ്റിൻ റെബെല്ലോ (പ്രിൻസിപ്പൽ, സെന്റ് ആൽബർട്ട്സ് കോളേജ്), ഡോ. ജോൺസൺ കെ. വർഗീസ് (ലീഡ് കൺസൾട്ടന്റ്, എമർജൻസി മെഡിസിൻ, ആസ്റ്റർ മെഡ്സിറ്റി), മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എൻ. വിനോദ് കുമാർ , ഡോ. എം. സി സാബു(സി.ഒ.ഇ, സെന്റ് ആൽബർട്ട്സ് കോളേജ്), ഡോ. നീരജ ജെയിംസ് (സെന്റ് ആൽബർട്ട്സ് കോളേജ് ഇക്കണോമിക്സ് വിഭാഗം മേധാവി)എന്നിവരും പരിപാടിയിൽ സംസാരിച്ചു.

## സാംസങ് സോൾവ് ഫോർ ടുമാറോ 2025

# ആരോഗ്യ–ക്ഷേമ രംഗത്ത് എഐ അധിഷ്ഠിത നവീകരണങ്ങളുമായി യുവപ്രതിഭകൾ

**കൊച്ചി:** ഐ.ഐ.ടി ഡൽഹിയുമായി ചേർന്ന് സംഘടിപ്പിച്ച സാംസങിന്റെ വിദ്യാഭ്യാസ പദ്ധതിയായ സോൾവ് ഫോർ ടുമാറോ (എസ്.എഫ്.ടി) 2025 പരിപാടിയിൽ ഇന്ത്യയൊട്ടാകെയുള്ള വിദ്യാർത്ഥികൾ ആരോഗ്യ, ശുചിത്വ, ക്ഷേമ രംഗത്ത് എഐ അടിസ്ഥാനമാക്കിയുള്ള നൂതന പരിഹാരങ്ങൾ അവതരിപ്പിച്ചു. 'ആരോഗ്യം, ശുചിത്വം, ക്ഷേമം എന്നിവയുടെ ഭാവി' എന്ന ആശയത്തിലാണ് മത്സരം സംഘടിപ്പിച്ചത്. ആന്ധ്രപ്രദേശ്, ഉത്തർപ്രദേശ്, ഡൽഹി, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള ടീമുകൾ എഐ ഉപയോഗിച്ചുള്ള രോഗ നിർണയം, കുറഞ്ഞ ചെലവിൽ ബയോണിക് കൈകൾ, കേൾവി വൈകല്യമുള്ളവർക്കുള്ള ഉപകരണങ്ങൾ, സ്ത്രീകളുടെ ആരോഗ്യപരിശോധന ആപ്പുകൾ തുടങ്ങിയ നവീന ആശയങ്ങൾ അവതരിപ്പിച്ചു. നാലു ദേശീയ വിജയികളിൽ പ്രധാന തീം വിജയിയായി 'പാരാസ്പീക്ക്' തിരഞ്ഞെടുക്കപ്പെട്ടു. ഗുരുഗ്രാമിലെ 16 വയസ്സുകാരനായ പ്രണേത് ഖേതൻ വികസിപ്പിച്ച ഈ എഐ ഉപകരണം സംസാര വൈകല്യമുള്ളവരുടെ വാക്കുകൾ വ്യക്തമായ ശബ്ദമായി മാറ്റുന്നു. ഹിന്ദിയിലുള്ള ഡാറ്റാസെറ്റ് തയ്യാറാക്കിയ ഇന്ത്യയിലെ ആദ്യ ശ്രമവുമാണിത്. നെക്സ്റ്റ് പ്ലേ. എഐ എഐ സ്പോർട്സ് കോച്ചിംഗ് പ്ലാറ്റ്ഫോം, പെർസെവിയ എഐ പിന്തുണയോടെയുള്ള ഗ്ലാസുകൾ, പൃഥ്വി രക്ഷക് ഗാമിഫൈഡ് സുസ്ഥിരതാ ആപ്പ് എന്നിവയാണ് വിജയിച്ച മറ്റ് കണ്ടുപിടിത്തങ്ങൾ. വിജയികൾക്ക് ഐഐടി ഡൽഹിയിൽ1 കോടി രൂപവരെ ഇൻകുബേഷൻ പിന്തുണ ലഭിച്ചു. കൂടാതെ മറ്റ് മികച്ച ടീമുകൾക്ക് 1 ലക്ഷം രൂപയുടെ ഗ്രാന്റുകൾ, ഗുഡ്‌വിൽ അവാർഡുകൾ, യംഗ് ഇന്നൊവേറ്റർ അവാർഡുകൾ, മികച്ച 20 ടീമുകൾക്കുള്ള സാംസങ് ഗാലക്സി ഇസഡ് ഫ്ലിപ്പ് സ്മാർട്ട്ഫോണുകൾ എന്നിവയും ലഭിച്ചു.

# നാഷണൽ വെൽഡിംഗ് സെമിനാർ 18 മുതൽ 20 വരെ കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് (ഐ.ഐ.ഡബ്ല്യു) രാജ്യത്തെ ഏറ്റവും വലിയ വെൽഡിംഗ് സെമിനാറായ നാഷണൽ വെൽഡിംഗ് സെമിനാർ ഡിസംബർ 18 മുതൽ 20 വരെ കൊച്ചിയിൽ സംഘടിപ്പിക്കുന്നു. 'സുസ്ഥിര പരിസ്ഥിതിക്കായുള്ള വെൽഡിംഗ് നവീകരണങ്ങൾ' എന്നതാണ് ഈ വർഷത്തെ സെമിനാറിന്റെ പ്രമേയം. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിലാണ് സമ്മേളനം. ആധുനിക വെൽഡിംഗ് സാങ്കേതികവിദ്യയും പ്രത്യേകിച്ച് കോബോട്ടിക് വെൽഡിംഗ് ടെക്നോളജിയും രാജ്യത്ത് പരിചയപ്പെടുത്തുക എന്നതാണ് സെമിനാറിന്റെ ലക്ഷ്യം. ടെക്നോക്രാറ്റുകൾ, വെൽഡിംഗ് സാങ്കേതിക വിദഗ്ധർ, അധ്യാപകർ, വ്യവസായികൾ, ഗവേഷകർ, പ്രൊഫഷണലുകൾ, വിദ്യാർഥികൾ തുടങ്ങി നാനൂറ്റി അൻപതോളം പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്ന് ദിവസങ്ങളിലായി 85ലേറെ ടെക്നിക്കൽ പേപ്പറുകൾ അവതരിപ്പിക്കും. ഡിസംബർ 18നുള്ള ചടങ്ങിൽ, ബിസിനസ് എക്സലൻസ് അവാർഡ് കൊച്ചി ഷിപ്പ്യാർഡ് ലിമിറ്റഡ് സി. എം. ഡി മധു എസ്. നായർക്ക് മുഖ്യാതിഥിയും ന്യൂക്ലിയർ പവർ കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എച്ച്. ആർ ഡയറക്ടറുമായ സുരേഷ് ബാബു സമ്മാനിക്കുമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ദേശീയ പ്രസിഡന്റ് ജോസ് പി. ഫിലിപ്പ് അറിയിച്ചു. ഇന്ത്യ ലോകോത്തര നിലവാരത്തിൽ ഒരു വൻകിട സാമ്പത്തിക ശക്തിയായി വളരുവാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ അതിനാവശ്യമായ സാങ്കേതിക മികവിൽ മുന്നേറുവാൻ ഈ സമ്മേളനങ്ങൾ സഹായകമാകുമെന്ന് സംഘാടകർ അഭിപ്രായപ്പെട്ടു.

## ജർമ്മൻ ടെക് പാത്ത്‌വേ പ്രോഗ്രാമുമായി കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി

**കൊച്ചി:** ആഗോള ടെക്നോളജി രംഗത്ത് വിദ്യാർത്ഥികൾക്ക് 'ജർമ്മൻ ടെക് പാത്ത്‌വേ' എന്ന നൂതന പ്രോഗ്രാമുമായി കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി. പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽ പഠനം ആരംഭിച്ച് ജർമ്മനിയിലെ പ്രശസ്തമായ സർവകലാശാലകളിൽ പഠനം പൂർത്തിയാക്കാനും അതുവഴി യൂറോപ്യൻ ടെക് വിപണിയിൽ മികച്ച തൊഴിലവസരങ്ങൾ നേടാനും സാധിക്കുമെന്ന് ജെയിൻ യൂണിവേഴ്സിറ്റി അധികൃതർ പറഞ്ഞു. ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ആൻഡ് ഐടി കോഴ്സിലാണ് ഈ സവിശേഷ പ്രോഗ്രാം ഒരുക്കിയിരിക്കുന്നത്.

രണ്ട് ഘട്ടങ്ങളായാണ് പ്രോഗ്രാം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ആദ്യത്തെ 18 മാസം വിദ്യാർത്ഥികൾ കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ക്യാമ്പസിലാണ് പഠിക്കേണ്ടത്. ഈ കാലയളവിൽ കമ്പ്യൂട്ടർ സയൻസിലും ഐടിയിലും ശക്തമായ അക്കാദമിക് അടിത്തറ ഉറപ്പാക്കും. അതോടൊപ്പം ജർമ്മനിയിലെ ഉന്നതപഠനത്തിന് അനിവാര്യമായ ഇംഗ്ലീഷ്, ജർമ്മൻ ഭാഷകളിൽ തീവ്രമായ പരിശീലനവും നൽകും. ഒന്നര വർഷത്തെ പഠനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ജെയിൻ യൂണിവേഴ്സിറ്റിയുടെ പങ്കാളിത്തമുള്ള പ്രമുഖ ജർമ്മൻ സർവകലാശാലകളിലേക്ക് നേരിട്ട് പ്രവേശനം നേടാം. പഠനത്തിന്റെ രണ്ടാം ഘട്ടം മൂന്ന് മുതൽ മൂന്നര വർഷം വരെ ജർമനിയിലാണ്. എഞ്ചിനീയറിംഗ്, ടെക്നോളജി കരിയറുകൾക്ക് ലോകത്തിൽ ഏറ്റവും അധികം ആവശ്യക്കാരുള്ള രാജ്യങ്ങളിലൊന്നാണ് ജർമ്മനി.

പഠനകാലയളവിൽ തന്നെ ശമ്പളത്തോടു കൂടിയ ഇന്റേൺഷിപ്പുകൾ ചെയ്യാനും ഇൻഡസ്ട്രി പ്രോജക്റ്റുകളിൽ പങ്കാളികളാകാനും പ്രായോഗിക പരിശീലനം നേടാനും കഴിയും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി, റോബോട്ടിക്സ് എന്നിങ്ങനെ ഏറ്റവും ആധുനികമായ മേഖലകളിൽ സ്പെഷ്യലൈസ് ചെയ്യാനും അവസരമുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com